**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4414** **10-08-2021 - ൽ മറുപടിയ്ക്ക്**

**അകലാപ്പുഴ കോൾ നിലം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കാനത്തിൽ ജമീല | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ തിക്കോടി ഗ്രാമ പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന അകലാപ്പുഴ കോൾ നിലം നെൽകൃഷി യോഗ്യമാക്കാൻ കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ നടന്നുവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | കൊയിലാണ്ടി നിയോജക മണ്ഡലത്തിലെ തിക്കോടി ഗ്രാമ പഞ്ചായത്തിലെ അകലാപ്പുഴ കോൾ നിലം കൃഷി യോഗ്യമാക്കുന്നതിനായി നബാർഡ് RIDF പദ്ധതിയിൽ ഉൾപ്പെടുത്തി 150 ലക്ഷം രൂപയുടെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു. ടി പദ്ധതിയിൽ വിഭാവനം ചെയ്ത പ്രവർത്തികൾ ചുവടെ ചേർക്കുന്നു. എ, ബി, സി എന്നീ ബ്ലോക്കുകളിൽ പമ്പ് ഹൗസ് നിർമ്മാണം എ, ബി, സി എന്നീ ബ്ലോക്കുകളിൽ വിസിബി നിർമ്മാണം എ, സി ബ്ലോക്കുകളിൽ തോട് നവീകരണം എർത്തൻ ബണ്ടിന്റെ പുനർ നിർമ്മാണം പമ്പ് ഹൗസ് വൈദ്യുതീകരണം പമ്പ് സെറ്റ് സ്ഥാപിക്കൽ |
| (ബി) | ഇതിനോടകം പൂർത്തീകരിച്ച പ്രവൃത്തികൾക്ക് പുറമേ എന്തെല്ലാം തുടർ പ്രവൃത്തികളാണ് നിലം കൃഷി യോഗ്യമാക്കാൻ അവിടെ നടത്തേണ്ടതെന്ന് വിശദീകരിക്കാമോ; | (ബി) | എ, ബി, സി എന്നീ ബ്ലോക്കുകളിലെ പമ്പ് ഹൗസ് നിർമ്മാണം, വിസിബി നിർമ്മാണം, എ, സി ബ്ലോക്കുകളിൽ തോട് നവീകരണം, എർത്തൻ ബണ്ടിന്റെ പുനർ നിർമ്മാണം എന്നീ പ്രവൃത്തികൾ പൂർത്തീകരിക്കുകയും വൈദ്യുതീകരണത്തിനായി കെ.എസ്.ഇ.ബി. തിക്കോടിയിൽ തുക അടയ്ക്കുകയും ചെയ്തിട്ടുണ്ട്. ടെണ്ടർ നടപടികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് പമ്പ് സെറ്റ് സ്ഥാപിക്കും. വലിയ തോടുകളുടെ നിർമ്മാണം, ഇടത്തോടുകളുടെ നിർമ്മാണം, കാട്ടു വെട്ടി തെളിയ്ക്കൽ എന്നീ പ്രവൃത്തികൾ നടത്തുന്നതിനായി എസ്റ്റിമേറ്റ് തയ്യാറാക്കിയി ട്ടുണ്ട്. |
| (സി) | നിലവിൽ സ്വകാര്യ വ്യക്തികളുടെ കൈവശത്തിലുള്ള ഭൂമിയുടെ അളവുകൾ ഇതിന് മുന്നോടിയായി തിട്ടപ്പെടുത്തേണ്ടതുണ്ടോ; വിശദമാക്കാമോ? | (സി) | പാടശേഖരത്തിന്റെ ചുറ്റുമുള്ള ബണ്ടിന്റെ സ്ഥലം സ്വകാര്യ വ്യക്തിയുടേതാണ്. ആയത് റവന്യൂ വകുപ്പ് അളന്ന് തിട്ടപ്പെടുത്തേണ്ടതുണ്ട്. |

സെക്ഷൻ ഓഫീസർ